പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1295 12.06.2014 - ൽ മറുപടിക്ക്

# റോഡ് യൂസർ പെർസപ്ഷൻ സർവ്വെ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | :<br>:<br>:<br>: | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റോഡ് യൂസർ പെർസപ്ഷൻ സർവ്വെ നടത്താൻ കെ. എസ്. റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ; | (എ) | കെ. എസ്. റ്റി. പി രണ്ട് പദ്ധതിയിലുള്ള ആകെ 363 കി.മീ ദൈർഘ്യം വരുന്ന 6 പ്രധാന റോഡുകളെ ഉൾപ്പെടുത്തി റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുവാൻ വേണ്ടി M/s. Sherwood Technocrats & consultant എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. ഈ പഠനം പൂർത്തിയായി. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | കെ. എസ്. റ്റി. പി രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ |

അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടിയാണ് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുന്നത്. റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് ആണ് അഭിപ്രായശേഖരണം നടത്തുന്നത്. റോഡുപണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുന്നതിനുവേണ്ടിയാണ് ഈ സർവ്വേ നടത്തുന്നത്. ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേക്കും കൂടി Road User Satisfaction Index വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ജനഹിതം അറിയുവാനായി എല്ലാ വിഭാഗത്തിലുമുള്ള ഉപയോക്താക്കളുടെയും സാമ്പിൾ സർവ്വേ നടത്തുന്നുണ്ട്. ആയതിലേക്കായി പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും, സാമ്പത്തികവും, പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും, നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും, റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം, എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ഡി) Baseline Road User Perspective Survey നടത്തുന്നതിലേക്കായി 27.08.2013 - ൽ M/s. Sherwood

Technocrats & Consultants Private Limited എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിരുന്നു. പ്രസ്തുത പഠനം മിക്കവാറും പൂർത്തിയാക്കി. മേയ് മാസത്തിലെ വേൾഡ് ബാങ്ക് മിഷനോടനുബന്ധിച്ച് പ്രസ്തുത പഠനത്തിന്റെ ഒരു ശില്പശാല നടത്തുകയും അവിടെ ഉണ്ടായ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

Salitha

**സെക്ഷൻ ഓഫീസർ**